# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2724 — 19.12.2012-ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് ലേബർ ക്യാമ്പുകൾ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻ പ്രകാരം അന്യസംസ്ഥാന തൊഴിലാളികൾക്ക് ലേബർ ക്യാമ്പ് നിർമ്മിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കോർപ്പറേഷനുകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ആരെയെല്ലാമാണ് സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (ബി) പൊതു - സ്വകാര്യ സംരംഭമായാണ് ഈ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നത് . |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് ലേബർ ക്യാമ്പുകൾ വഴി ഒരുക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | (സി) നിർമ്മാണ മേഖലയിലും, അല്ലാതെയും പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് ഒറ്റയ്ക്കും കൂട്ടായും താമസിച്ച് ജോലി സ്ഥലങ്ങളിലേയ്ക്ക് വളരെ എളുപ്പം എത്തിച്ചേരാൻ കഴിയുന്ന തരത്തിലും അവർക്കുള്ള ഭക്ഷണം തയ്യാറാക്കുന്നതിനും മറ്റ് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും ആവശ്യമായ സൗകര്യങ്ങളോടുകൂടിയ ഡോർമിറ്ററി/അടുക്കള ഉൾപ്പെടെയുള്ള സംവിധാനമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ആഫീസർ.